# ഭൂമി

എം. പി. പ്രതീഷ്



ഭൂമി

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 ഭൂമി . . . . . . . . . . . . . . . . . . . . 4

2 ഒഴിഞ്ഞ പേജുകൾ . . . . . . . 5

3 വെറുതെയിരിക്കുന്ന . . . . . . 6

4 വിട്ടുപോകാതെ . . . . . . . . . . 7

5 നാളം . . . . . . . . . . . . . . . . . 8

6 കല്ലുകളുടെ ഭാരം . . . . . . . . . 9

7 കരി . . . . . . . . . . . . . . . . . . . . 10

8 ഈ പച്ചില . . . . . . . . . . . . . 11

9 ഇരുട്ട് . . . . . . . . . . . . . . . . . 12

10 അകലം . . . . . . . . . . . . . . . 13

11 വയസ്സ് . . . . . . . . . . . . . . . . 14

12 കടലിനും പുഴയ്ക്കുമിടയിൽ . . 15

13 വെറുതെയിരിക്കുന്ന . . . . . . 16

14 ആദ്യം . . . . . . . . . . . . . . . . . 17

15 ഇലകൾ, കല്ലുകൾ . . . . . . . 18

16 മറന്നുപോകുന്ന . . . . . . . . . 19

17 കല്ല് . . . . . . . . . . . . . . . . . . . 20

18 മൂന്നു വാക്കുകൾ . . . . . . . . . 21

19 സുഷിരങ്ങൾ . . . . . . . . . . . . 22

20 നിറം . . . . . . . . . . . . . . . . . . 23

# 1

## ഭൂമി

ഭൂമി കിലുങ്ങുമ്പോൾ ഉച്ചയുറക്കത്തിനുള്ളിൽ
ഒന്നുണർന്ന് പിന്നെയുമാഴത്തിലേക്ക്
വീണുപോയി തീരെപ്പൊടിക്കുഞ്ഞുങ്ങൾ

പക്ഷികൾ എല്ലാ നിറങ്ങളും കഴുകി
വിരിച്ചിടുന്നു, വെയിലത്ത്
കാറ്റു പിടിച്ചുവലിക്കാതിരിക്കാൻ മീതെ
ഭൂമിയെ കനംവയ്ക്കുന്നു

നെല്ലിമരം ഭൂമിക്കടിയിലാണ് വളരുന്നത്
അതിനാൽ പുല്ലിൽ എപ്പോഴും അതിന്റെ
കായ്കൾ, അനങ്ങാതെ

വെളിച്ചത്തോട് പ്രാർത്ഥിക്കുന്നു;
'അണയൂ, അണയൂ' വെളിച്ചമണഞ്ഞിടത്ത്
എനിക്ക് പുഴുവാകാതെ വയ്യ
'പുഴുവാക്കു, വേഗം പുഴുവാക്കു'
പുഴുവായിക്കഴിഞ്ഞെനിക്ക് പറക്കാതെ വയ്യ
'ചിറകുവയ്ക്കു, ചിറകുവയ്ക്കു'
പറക്കുവാനിരുട്ടിൽപ്പറക്കുവാനെനിക്ക്
'തീതരൂ, തീതരൂ'
അണഞ്ഞും തെളിഞ്ഞും വീണ്ടുമണഞ്ഞും
രാത്രി മുഴുമിക്കുമ്പോൾ
വരുന്ന വെളിച്ചത്തോട് പ്രാർത്ഥിക്കുന്നു
'നിറയൂ, നിറയൂ'
വെളിച്ചം നിറഞ്ഞിടത്ത്
എനിക്കിരിക്കാൻ വയ്യ
'മറച്ചു പിടിക്കു, എന്നെ മറച്ചുപിടിക്കു'

ഭൂമിയിൽനിന്ന് പെട്ടെന്ന്

കിളികളെക്കാണാതായി-

## — 2 —

# ഒഴിഞ്ഞ പേജുകൾ

ഓരോ വർഷവും ദേശാടനക്കിളികളുടെ
ഭാരം കൂടിക്കൂടിവന്നു
രണ്ടു വൻകരകളിലെ ഓർമ്മ
ദേഹത്ത് തൂന്നിവയ്ക്കുന്നതിനാൽ
പറക്കാൻ വയ്യാതാവുകയോ
കടലിൽ താഴ്ന്നുപോവുകയോ
ഓരോ വർഷവും എന്റെ നോട്ടുബുക്കിൽ
ഒഴിഞ്ഞ പേജുകൾ കൂടിക്കൂടിവന്നു

## 3

# വെറുതെയിരിക്കുന്നു

മരത്തിന്റെ കൊമ്പുകൾ
തെക്കുകിഴക്കുദിക്കിലേക്ക്
എല്ലാ ദിവസവും പതുക്കെ നീങ്ങുന്നു
ആഴ്ചയിലൊരിക്കൽ അവ
ഒട്ടുമനങ്ങാതെ, എങ്ങും പോവാതെ
വെറുതെയിരിക്കുന്നു

# 4

# വിട്ടുപോകാതെ

എല്ലാ പദാർത്ഥങ്ങളിലും
ഭൂതകാലം തങ്ങിനിന്നു
താഴ്ന്ന ചില്ലകളിൻമേൽ
തടാകത്തിലെ വെള്ളം
മൃഗങ്ങളുടെ മുതുകിൽ വിദൂരങ്ങളിലെ പൊടി
പുഴുക്കളിൽ പ്രാണൻ
ഒരിക്കലും അണയാതെ
ഒന്നിലുമഴുകാതെ

ശ്വാസത്തിലോ തീയിലോ
കിനാവിലോ കൈവിരലിലോ

2

പൂമ്പാറ്റ പെട്ടെന്നണഞ്ഞു
പകലിരുട്ടായി മൗനമായി
ദൂരെനിന്നു നോക്കുന്ന കിളികൾക്ക്
ഭൂമി കാണാതെയായി
എങ്കിലും അവ ഓർമ്മവിടാതെ
ഈ ചെരിവിലേക്കുതന്നെ
പറന്നുകൊണ്ടിരുന്നു

# 5

## നാളം

ഈ വിളക്ക് മഴയത്തു വച്ചു
അണയാത്ത ഈ വെളിച്ചത്തിൽ
മഴയുടെ ഉള്ള് കാണാം
അകത്തു പൊടിയുന്ന പാറ്റകൾ
കനമില്ലാത്ത ചിറക്

2

അണയാത്ത ദുഃഖത്തിൽനിന്നാണ കല്ലുകൾ
അവയിൽ
പായലുകൾ വളരുന്നു
സൂര്യനും നിഴലും പോലെ
ഭൂമിയെ മൂടുന്ന
ഒരു താരാട്ട്

## 6

# കല്ലുകളുടെ ഭാരം

കത്തുന്ന ഇല മഴയത്തണയുകയില്ല
കല്ലോ ചില്ലോ ഇരുമ്പോ
ഇറച്ചിയോ ആകുന്നതിനാൽ
ഇലയുടെ പ്രകാശം കെടാതെ
ഗ്രഹങ്ങളിൽനിന്ന് ഗ്രഹങ്ങളിലേക്ക്
യാത്ര ചെയ്യുന്നു

കത്തുന്ന കല്ലുകൾ കാറ്റിലാളുന്നു
കല്ലിനുള്ളിലെ കണ്ണുകൾ ദുഃഖത്താൽ
മുലകൾ പ്രേമത്താൽ
പൂക്കൾ നിറങ്ങളാൽ നിറഞ്ഞുകവിയുമ്പോൾ
കല്ലിനെ തീയിൽനിന്ന്
വേർതിരിക്കാനാവാതെ

വാനത്തിൽനിന്ന് കിളികൾ
ഒരിക്കലും മടങ്ങുന്നില്ല
ഭൂമിയിൽ അവയുടെ പഴങ്ങളും കാറ്റുകളും
ഭൂമിക്കടിയിൽ ചുള്ളിക്കമ്പുകളും നാരുകളും
വാനത്തിനകലത്ത് അവയുടെ
മുട്ടകൾ ഇരിക്കുന്നു

വെള്ളത്തിൽനിന്ന് അരിച്ചെടുക്കുന്നു
പൂമ്പാറ്റകൾ നിറം
കുതിർന്ന
ഗ്രഹങ്ങൾ
മാറിമാറി വീഴുന്ന
വിദൂരനിഴലുകൾ
ഇവിടെനിന്നു നോക്കു
ചെറുതരികൾ താഴേക്ക് വീഴുന്നത് കാണാം

വെള്ളം കല്ലാവുകയും
കല്ലുകൾ അലിയുകയും

കിളികൾ ഭൂമിയിൽ പാർക്കുകയും
ആകാശനിഴലുകൾ നോക്കിനിൽക്കുകയും

ഒരു മരത്തെപ്പറ്റി
ഒരു മൃഗത്തെപ്പറ്റി
ഒരു പൂമ്പാറ്റയെപ്പറ്റി
ഇലകളിൽ ഒരു പുസ്തകം
മറ്റൊരു നാട്ടിലേക്ക് നീങ്ങുന്നു
പുസ്തകം വായിക്കാൻ ശ്രമിക്കുന്നു
അപരിചിതരെപ്പോലെ നൃത്തം വയ്ക്കുന്നു
പതുക്കെ വന്നുചേരുന്ന കാലം
കല്ലുകൾ വിതുമ്പുന്നു
ചില്ലുകൾ തകർന്നുവീഴുന്നു
കാറ്റിൽ വളർത്തുമൃഗങ്ങൾ കെട്ടുപൊട്ടിക്കുന്നു
എന്തൊക്കെയോ കാര്യങ്ങൾ വിചാരിച്ചു
മരിക്കുന്നതിനുമുമ്പ് പോകേണ്ട ഒരു സ്ഥലം
ഒരു മരത്തിന്റെ മണം
പാറുന്ന പൊടിപടലങ്ങൾ
ഉച്ചനേരം
വീടുകൾ
മയങ്ങുന്നു

വെള്ളം വേഗമുരുകുന്നു
അമ്മൂമ്മമാരും നാരകമരങ്ങളും
ചെറിയ കുട്ടികളെ
മുറുക്കെ പുണർന്നു
കല്ലുകൾക്ക് ഭൂമിയുടെ പകുതിഭാരമുണ്ട്
നൂറുകൊല്ലംകൊണ്ടവ വെള്ളമായി
പ്രായമായവർ കാത്തുനിൽക്കുന്നു
മരിച്ചവർക്കുള്ള പ്രാർത്ഥന കേൾക്കുന്നു
ദുഃഖങ്ങളുടെ നിഴൽ
എല്ലാ കൈവിരലുകളിലും

വൻകരയിലേക്ക് പോകുന്നു; കിളിയായോ മീനായോ കടൽവെള്ളം താണ്ടുന്നു; മുറിവിൽ ഉപ്പുതട്ടുന്നു; അറിയാത്ത മൊഴിയിൽ കരയുന്നു; അറിയാത്ത മനുഷ്യരുടെ ചുടലകളിൽ അലയുന്നു; വിളക്കണച്ചുകൊണ്ട് വയലിലൂടെ നടക്കുന്നു; പ്രേതങ്ങളുടെ വഴിയിൽ ചെന്നു നിൽക്കുന്നു; ചുമരിൽനിന്ന് പായൽ ചുരണ്ടിയെടുക്കുന്നു; ലിപികളും വിയർപ്പുമണങ്ങളും മറക്കുന്നു; തോണിയിലെ വിള്ളൽ അരക്കുകൊണ്ടടയ്ക്കുന്നു; മടങ്ങിപ്പോരുന്നു; മടങ്ങിപ്പോരുന്നു;

## 7

# കരി

ചാർക്കോൾ പെൻസിലുകളുടെ
പെട്ടിയിൽ കുട്ടിക്കാലത്ത്
ഞങ്ങൾ പാർത്തിരുന്ന കരയുടെ
ഒരു ചെറിയ കഷണം
പരുക്കനും പായലു വളർന്നതുമായ
ഒരു പാറക്കല്ല്
മൂന്നുനാലു കുറ്റൻ വൃക്ഷങ്ങൾ
അറ്റം കാണാത്ത അടിക്കാടുകൾ
എങ്ങുനിന്നോ വന്നെത്തുന്ന മാളങ്ങൾ
തള്ളവിരലിനും ചൂണ്ടുവിരലിനും
നടുവിരലിന്റെ ഒരറ്റത്തിനും ഇടയിൽ
കുട്ടിക്കാലമോ മലയ്ക്കു താഴത്തെ
ഗ്രാമമോ വായിച്ചുപേക്ഷിച്ച പുസ്തകമോ
ഓർക്കാൻ കഴിയുന്നത്ര കാര്യങ്ങൾ ഈ വി
രൽത്തുമ്പുകൾ ഓർക്കുന്നുണ്ടാവുമോ മരിച്ചു
പോയവരെപ്പോലെ ഈ വീടുകൾക്ക് മീതെ
വന്നുനിന്ന് എന്താണ് വരയ്ക്കുന്നത് എന്ന് നോ
ക്കിനിൽക്കുന്നുണ്ടാവുമോ
ഞാൻ ഒരു ചെറിയ തുണിക്കഷണം കൊണ്ട്
കറുത്ത വരകൾ പതുക്കെ മായ്ച്ചു പരത്തുന്നു
എന്തിന്റെ ചിത്രമായിരുന്നു അത് എന്ന്
എനിക്ക് ഓർമ്മയില്ല
എകരമുള്ള പുല്ലുകൾ വളർന്നിരുന്ന ഒരു വഴി
പോലെ ഇടയിൽ ഒരു നീണ്ട വിടവ്
എല്ലാ കാലങ്ങളിലും
ഉണ്ടായിരുന്നതുപോലെ
ദുഃഖത്തിന്റെ
ഒരു ആവരണം അതിനെ മൂടി

# 8

## ഈ പച്ചില

ഈ പച്ചില;
മനുഷ്യർ മാഞ്ഞുപോയി ഭൂമിയിൽ
ആദ്യം ഉണ്ടാകുന്ന പുഴുവിന്
എല്ലാ വാക്കുകളും ഓർമ്മിക്കുവാൻ

# 9

## ഇരുട്ട്

പൂമ്പാറ്റകൾ രാത്രിയായി
കാറ്റിനുള്ളിൽനിന്ന് മരങ്ങളുടെ മൗനം
മരിച്ചുപോയവർ പുഴവക്കിലിരിക്കുന്ന
കല്ലുകളിൽ ഓർക്കുന്നു
തൊട്ടുനോക്കുന്നു
—നിൽക്കാതുറങ്ങാതൊഴുകുന്നിരുൾ

കാണുന്ന ഒച്ചകൾ മരങ്ങളിൽ
പൊത്തുണ്ടാക്കുന്നു
കാണാദിക്കിൽനിന്ന് ഓർമ്മയെത്തുന്നു
എല്ലാ ഗ്രഹങ്ങളിലും ഒരേപോലെ
ഈ തുവലുകൾ താഴേക്കുവീഴുന്നു

## 10

# അകലം

കിളികൾ മടങ്ങിവന്ന തീയണച്ച
കൂട്ടുകൾ തിരഞ്ഞു കണ്ടെത്തി
കുഞ്ഞൻമുട്ടകളിൽ തൊട്ടുനോക്കി

എല്ലാ ദുഃഖവും നീർച്ചോലകളായി
ഈ ചതുപ്പിൽ വന്നുചേർന്നു
വളർന്ന പുല്ലിനും വെള്ളത്തിനു
മടിയിൽ കലർന്നു
നിശബ്ദമായ വാക്കുകൾ ഉരുവിട്ടു

## 11

# വയസ്സ്

മരംകൊത്തികൾ എല്ലാ ദിവസവും മരങ്ങളു
ടെ വയസ്സു നോക്കുന്നു മരങ്ങൾ ഓരോ ദിവ
സവും കൂടുതൽ കൂടുതൽ കുട്ടിയാവുന്നു

## 12

# കടലിനും പുഴയ്ക്കുമിടയിൽ

വെള്ളം കെട്ടിനിൽക്കുന്ന
ഉപ്പും ചോരയും കലർന്ന അലകൾ

കല്ലും പൊടിയും അടിഞ്ഞുകിടക്കുന്ന
ദാഹവും കണ്ണീരും നനച്ച ഈർപ്പത്തിൽ

ഈയിരുണ്ടമർന്ന തണുപ്പിനടിയിൽ

ഒലിവും മാതളവും
നിശാശലഭവും ഉറുമ്പുകളും
കടലാസും ശീലയും

ഒരു കളിപ്പന്തിനു പിറകേ പായുന്ന
മുറിഞ്ഞ കാൽമുട്ടിൽ പച്ചില വയ്ക്കുന്ന

ആഴത്തിൽ ഓർമ്മയുടെ വാക്കുമാത്രമുച്ചരിച്ച

# 13

# വെറുതെയിരിക്കുന്നു

മരത്തിന്റെ കൊമ്പുകൾ
തെക്കു കിഴക്കുദിക്കിലേക്ക്
എല്ലാ ദിവസവും പതുക്കെ നീങ്ങുന്നു
ആഴ്ചയിലൊരിക്കൽ അവ ഒട്ടുമനങ്ങാതെ
എങ്ങും പോവാതെ വെറുതെയിരിക്കുന്നു

ഉപ്പുഭരണിക്കു ചുറ്റിലും പാറുന്ന പൂമ്പാറ്റകൾ
അൽപനേരം ഓർത്തു നിൽക്കുന്നു
വായുവിൽ ഭൂതകാലത്തെ
ഭൂമിയിൽ ചായം
പുരട്ടാതെ ചിറകു-
വയ്ക്കാതെയൊരൊറ്റക്കോശ-
മായിരുന്ന കടൽ

# 14

## ആദ്യം

ചാരത്തിൽനിന്ന് പ്രാണനുള്ള പാറ്റകളെ
വേർപെടുത്തു. ചാരത്തിൽനിന്ന് ചവർപ്പുള്ള
പച്ചക്കായ്കളെ വേർപെടുത്തു. ചാരത്തിൽനി
ന്ന് തേനീച്ചകളെയും പറ്റിപ്പിടിച്ചമയങ്ങുന്ന
പാറക്കല്ലുകളെയും വേർപെടുത്തു.
ചാരത്തിൽനിന്ന് പന്നലിലകളെ
വേർപെടുത്തു.
ചാരത്തിൽനിന്ന് നീർക്കാക്കകളെയും
പരൽമീനുകളെയും വേർപെടുത്തു.
ചാരത്തിൽനിന്ന് ഉണക്കിവച്ച
നാരങ്ങകളെയും പൂക്കളെയും വേർപെടുത്തു.
ചാരത്തിൽനിന്ന് കുതിർന്ന
ചീവീടുകളെ വേർപെടുത്തു.
തീയണഞ്ഞുകഴിഞ്ഞാൽ, ആദ്യം,
ചാരത്തിൽനിന്ന് പുരാതനമായ
വെള്ളത്തെ വേർപെടുത്തു.

അനായാസം ഒരു ജന്തുവിനെ
അടക്കം ചെയ്തു
ഒരു പോത്തുകുട്ടി അല്ലെങ്കിൽ
ഒരു കിളി, ഒരു പാമ്പ്
ഒരു മൺകൂന, ഉണങ്ങിയ
ഇലകൾക്കിടയിൽ
വളർന്ന കുറ്റിക്കാട്ടുകൾക്കിടയിൽ
അനായാസം സന്ധ്യയായി രാത്രിയായി
ഇരുട്ടിൽ പിറന്ന ഗ്രാമത്തിൽ
ഒറ്റയ്ക്ക് ചുറ്റിയലഞ്ഞു
ഓരോ മൺകൂനയും കുഴിച്ചുനീക്കിത്തുറന്നു
ഓരോ അടയാളവും ഓർമ്മിച്ചു
ഓരോ തുന്നലും ഓരോ കലയും കണ്ടു
ഓരോ മുഖവും അതുമൂടിയ വെളുത്ത ശീലയും
ഇഴകീറാതെ ഛായയഴിയാതെ
അനായാസം രാവിലെ
ഒഴിഞ്ഞ ഒരിടം
തൊഴുത്തിൽ, പിന്നിലെ മരത്തിന്മേൽ,
വിദൂരമായ ഏതോ ദിക്കിൽ, ഒരു ചെരിവിൽ.

## 15

# ഇലകൾ, കല്ലുകൾ

കല്ലുകൾക്കു മുന്നേ
ഇലചുരുട്ടിപ്പുഴുക്കളുണ്ടായിരുന്നു
ഇലചുരുട്ടിപ്പുഴുക്കൾക്കു മുന്നേ
മീനുകളുടെ ചേറ്റുമടകളുണ്ടായിരുന്നു
തോടുകൾക്കു മുന്നേ
കൈതകളുടെ അടിയിരുട്ടുണ്ടായിരുന്നു
കല്ലിൽനിന്നു വെള്ളവും
വെള്ളത്തിൽനിന്നു തീയും
തീയിൽനിന്നു നെൻമണികളുമുണ്ടായി
നെൽച്ചെടികൾക്കു മുന്നേ പൂമ്പാറ്റകൾ
കൂട്ടമായി ഒരു വൻകരയിൽ നിന്ന്
മറ്റൊന്നിലേക്കു യാത്ര ചെയ്തു
കല്ലുകൾക്കുമുന്നേ ചെമ്പരത്തിപ്പൂക്കളുടെ
ഗ്രഹണമുണ്ടായിരുന്നു
ചുവന്ന നിഴലുകൾ സൂര്യനെ
മറച്ചുപിടിച്ചിരുന്നു

## 16

# മറന്നുപോകുന്നു

ഭൂമിയിലേക്ക് ഒരിക്കലും ഞാനില്ല
ഈ കുറ്റിച്ചെടികളിലെ നിഴൽ
എനിക്ക് വിട്ടുപോവാൻ വയ്യ

കല്ലിൽ കൊത്തിയതു വായിക്കുന്നു
പുഴുന്നുലിഴനീണ്ട വാക്കുകൾ
അപ്പപ്പോൾ മറന്നുപോകുന്നു

ഇവിടെ എന്താണുണ്ടായിരുന്നതെന്ന്
ഓർമ്മിക്കാൻ ശ്രമിച്ചു
ഇരുവശത്തെയും ചുമലിലെ ചിറകുകൾ
ഗാഢമായ വേദനയോടെ
അടർന്നുപോയതു കണ്ടു

മരത്തിനു താഴെ എന്റെ
പൊഴിഞ്ഞ കൊമ്പുകൾ
ചില്ലകളിൽ എന്റെ പഴയ കൂടുകൾ

## 17

# കല്ല്

കല്ലിന് ദൈവമാകുവാൻ കഴിഞ്ഞു
കല്ലിന് ഉളിയാകുവാനും ഓർമ്മയും
രാത്രിയുമാകുവാനും കഴിഞ്ഞു
കല്ലിന് കനമാകുവാനും മധുരമുള്ള
കനിയാകുവാനും കഴിഞ്ഞു
കല്ലിന് ഭൂമിയുടെയുമാകാശങ്ങളുടെയും
തുടക്കവും മരണങ്ങളുമാവാൻ കഴിഞ്ഞു
കല്ലിന് ദുഃഖമാവാനും
ആനന്ദമാവാനും കഴിഞ്ഞു
കല്ലിന് വെള്ളമാകുവാനും
ശലഭപ്പുഴുവാകുവാനും കഴിഞ്ഞു
കല്ലിന് മൊഴിയാകുവാനും
കല്ലിന് എപ്പോഴും
കല്ലാകുവാനും കഴിഞ്ഞു

കല്ലിലുരയുന്നു ഈയൽ

ഇരുമ്പുകമ്പികൾ പൂമ്പാറ്റകൾ

ഇഷ്ടിക പുഴ തകരഷീറ്റുകൾ

തെച്ചിക്കായ്കൾ ഉരുകുന്ന

കല്ലിലുരയുന്നു ഈ ദിക്ക്

ഈ വരമ്പ് ഈ ചെരിവ്

ചോരപൊടിഞ്ഞുനീറുന്നു

നീലയാകുന്നു

ഈ നേരം

അടക്കിയമർത്തിവച്ച

വാക്ക്

ഭൂമിയിൽ കിളികളുണ്ടായിരുന്നില്ല
എല്ലാ മരത്തിലും അവയുടെ കൂടുകൾ
മേഘങ്ങളെയുംവലിച്ചുകൊണ്ട്
ആകാശം ഒരിരുണ്ട മടയിലേക്കു മറഞ്ഞു
കിളിക്കൂട്ടിലേക്ക് സാവധാനം നീങ്ങുന്ന ഭൂമി
എല്ലാ കൂടുകൾക്കുള്ളിലും
മയങ്ങിക്കിടന്നു ഞാൻ
മങ്ങിയ നിഴലുകൾ എന്നെക്കടന്നുപോയി
കിളിമുട്ടകൾ പരസ്പരം മിണ്ടുന്നു ഗ്രഹങ്ങൾ
അല്പം കൂടി അടുത്ത് വന്നിരുന്ന് കറങ്ങുന്നു

കാണാനാവാത്ത ദിക്കുകൾ ചൂണ്ടി

കിളികളുടെ കൂട്ടം നീങ്ങിപ്പോകുന്നു

കാറ്റിൽ ചിതറി വീഴുന്നു, ഓർക്കുന്നു,

ഇലയോ കായോ

മുറിവുപൊത്തിപ്പിടിക്കുന്നു, കരയുന്നു

കല്ലുകൾക്കുള്ളിൽ നീരായി നിൽക്കുന്നു

തൊടാൻ വയ്യാത്ത സന്ധ്യയാകുന്നു

# 18

## മൂന്നു വാക്കുകൾ

ഓരോ പാറയിലും തൊട്ടു നോക്കി

പായലിലും പറവയുടെ നിഴലിലും

പതുക്കെപ്പതുക്കെപ്പടർന്നു

വളർന്നു കനംവയ്ക്കുന്ന

ഭൂമിയുടെ ഓർമ്മയിൽ

ശലഭങ്ങൾ മടങ്ങിപ്പോയി

രാത്രിയുടെ താഴെയും മുകളിലും രണ്ടു
കരിമ്പടങ്ങൾ വിരിച്ചിട്ടിരിക്കുന്നു

ചീവീടുകളുടെ ഈ മൗനത്തിന് ചുറ്റിലും

കറങ്ങുന്ന ഗ്രഹങ്ങൾ

ഞാൻ ആയുസ്സിൽ ആകെ മൂന്നു
വാക്കുകൾ കണ്ടെത്തി;

‘മായുന്നു’
‘വെളിച്ചം’
‘രഹസ്യം’

ഈ ശലഭമില്ലാതായാൽ
ആ മരമെന്തുചെയ്യും?
ഈ പുഴവില്ലാതായാൽ
ആ മേഘപടലങ്ങളെന്തുചെയ്യും?
ഈയിലകളില്ലാതായാൽ
ആ ഉച്ചനേരമെന്തു ചെയ്യും?
ഈ മഴപ്പാറ്റകളില്ലാതായാൽ
ആ കാട്ടുതീയെന്തു ചെയ്യും?
ഈ ചതുപ്പുകളില്ലാതായാൽ
ആ മാൻകുട്ടമെന്തു ചെയ്യും?
ഈ കല്ലുകളില്ലാതായാൽ
ആ കാട്ടുപഴങ്ങളെന്തുചെയ്യും?
ഈ നീലനിറമില്ലാതായാൽ
ആ സർപ്പമെന്തുചെയ്യും?
ഈ മൺപുറ്റുകളില്ലാതായാൽ
ആ വാക്ക് എന്തു ചെയ്യും?
ഈ രാത്രിയില്ലാതായാൽ
ആ പാലമരമെന്തുചെയ്യും?
ഈ കിളിക്കൂടുകളില്ലാതായാൽ
ആ കടൽ ദ്വീപുകളെന്തുചെയ്യും?
ഈ നെന്മണികളില്ലാതായാൽ
ആ പരൽമീനുകളെന്തുചെയ്യും?
ഈ ഗ്രഹണമില്ലാതായാൽ
ആ  കക്കത്തോടെന്തുചെയ്യും?
ഈ ചിറയില്ലാതായാൽ
ആ താഴ്‌വരയെന്തുചെയ്യും?
ഈ ചോരയൊഴുക്കില്ലാതായാൽ
ആ ചിലന്തിവലയെന്തുചെയ്യും?
ഈ സന്ധ്യയില്ലാതായാൽ
ആ ചെമ്പരത്തിയെന്തു ചെയ്യും?

## 19

# സുഷിരങ്ങൾ

ഈയലുകൾ ഭൂമിയിലേക്ക് ഏകാന്തമായ
ചുറ്റുവഴികൾ കൊണ്ടുവന്ന
മടങ്ങുമ്പോൾ ഈയലുകൾ ചിറകുകൾക്ക്
പകരം ഭാരമുള്ള സങ്കടങ്ങൾ
കൊണ്ടുപോകുന്നു
മഴയുടേയും മിന്നലിന്റേയും അരണ്ട
വെളിച്ചംമാത്രമുള്ള പകൽ
മനുഷ്യർക്ക് അല്പം ഭാരം
കുറഞ്ഞതായി തോന്നുന്നു

ഈ കല്ലുകളായിരുന്ന ഞാൻ

കല്ലുകൾക്കിടയിൽ അമർന്നുപോയ
ഈ ചിറകുകൾ
ചിറകിൽനിന്ന് ഏതോ കാലത്ത്
അറ്റു പോയ പുഴ

പുഴവിൽനിന്ന് ഇപ്പോഴും
വേർപെടാത്ത പ്രാണൻ

പ്രാണന്റെ ഒറ്റക്കോശമായിരുന്ന മുറിവ്

മുറിവിന് മീതെ ഒരിക്കലും ഉണങ്ങാത്ത
ഈ കല്ലുകൾ

പൂമ്പാറ്റകൾ ചോര കല്ലിച്ച നീലനിറത്തിനുള്ളിലൂടെ കടന്നുപോകുന്നു; മുറിവിനെ പൊതിഞ്ഞു കെട്ടിയ പരുത്തിത്തുണിയിലൂടെ കടന്നുപോകുന്നു; മരത്തിനു താഴെ എടുത്തുവച്ച കല്ലിനുള്ളിലൂടെ കടന്നുപോകുന്നു; പൂമ്പാറ്റകൾ രാത്രിയിലൂടെ; പൂമ്പാറ്റകൾ പകലിലൂടെ; പൂമ്പാറ്റകൾ മരണങ്ങൾക്കുമീതെ വിരിച്ചിട്ട വെളുത്ത മൗനത്തിലൂടെയും കടന്നുപോകുന്നു; പൂമ്പാറ്റകൾ തുറക്കാതെ തുരുമ്പിച്ച പെട്ടിക്കുള്ളിലൂടെ; പൊട്ടിയ കണ്ണാടിച്ചില്ലിനുള്ളിലൂടെ; കാട്ടിലുഴകുന്ന മൃഗത്തിന്റെ ഉടലിനുള്ളിലൂടെ; പൂമ്പാറ്റകൾ പകുതിച്ചന്ദ്രനുള്ളിലൂടെ
കടന്നുപോകുന്നു; പൂമ്പാറ്റകൾ ഈ പാടത്തിന്റെ ഇരു കരകളിലൂടെയും പറന്നുപോകുന്നു; ഭൂമിയിലില്ലാത്ത, അദൃശ്യമായ ചിറകുകൾ നക്ഷത്രമരണത്തിന്റെ ഇരുളിലേക്ക് വീണു മറയുമ്പോഴും;

## 20


# നിറം

കടലാസിലെ കിളികൾക്കു നിറം കൊടുത്തു; പകരമായവ തോട്ടുവക്കിൽ വളർന്ന മരങ്ങളിലെക്കായ്കൾ പൊട്ടിച്ചു കൊണ്ടുവന്നു. അകലെ ഒരു ശബ്ദം കേൾക്കെ അതു കിളികളുടേതെന്നുറപ്പിച്ചു. അവ കുറച്ചുകാലം കൂടി ജീവിച്ചു, പിന്നെക്കാണാതായി. കിളികളെപ്പോലീ കടലിനും വെയിലിനെപ്പോലീമരങ്ങൾക്കും നാം നിറം കൊടുത്തു; അവയൊക്കെയും വളരുന്നെന്നു വിശ്വസിച്ചു. ഓരോ നിമിഷവും താഴേക്കു പതിച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ ഭാരമേറിവന്നു. ഭൂമിയുടെ ഓരോ തൊലിപ്പടർപ്പിലും നിറം തേച്ചുപിടിപ്പിച്ചു.

ഭൂമി ഉണ്ടെന്നു തന്നെ നാം കരുതി.

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014